ബാലഗോകുലം വെങ്ങാനൂർ മണ്ഡലം

കോവളം: ബാലഗോകുലം വെങ്ങാനൂർ മണ്ഡലം ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് നടക്കുന്ന ശോഭായാത്രയുടെ സ്വാഗത സംഘം രൂപീകരണം നടന്നു. ബാലരാമപുരം ഖണ്ഡ് സഹകാര്യവാഹക് ശ്രീകാന്ത്, ബാലഗോകുലം ജില്ലാ സെക്രട്ടറി എൻ.ബി ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. സ്വാഗത സംഘം ഭാരവാഹികളായി ആർ.എസ് മധു, വെണ്ണിയൂർ ഹരി(രക്ഷാധികാരികൾ) വെങ്ങാനൂർ സതീഷ് കുമാർ(അദ്ധ്യക്ഷൻ) കെ.എസ് സാജൻ (ആഘോഷ പ്രമുഖ്) എസ്.വിജയൻ നായർ (കാര്യദർശി) എന്നിവരെ തിരഞ്ഞെടുത്തു.

നെയ്യാറ്റിൻകര ജില്ലാ രൂപീകരണ സമിതി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ജില്ലാ രൂപീകരണ സമിതി പാറശാല മണ്ഡലം സമ്മേളനം ധനുവച്ചപുരം പരമേശ്വരൻനായരുടെ അദ്ധ്യക്ഷതയിൽ ആർ.സുന്ദരേശൻനായർ ഉദ്ഘാടനം ചെയ്തു. പി.ഡി.ധർമ്മരാജ്, അഡ്വ. ആർ.ടി.പ്രദീപ്,ജി.ബാലകൃഷ്ണപിള്ള, ധനുവച്ചപുരം സുകുമാരൻ,എ.സി.രാജ്, എൽ.ആർ.സുദർശനകുമാർ,ശ്രീകുമാരൻനായർ,ടി.തത്തലം രാജു, നെയ്യാറ്റിൻകര ജയചന്ദ്രൻ, ശാർങ്ങധരപ്പണിക്കർ, ഭുവനചന്ദ്രൻനായർ, പി.കൃഷ്ണൻനായർ, ജോൺ വിക്ടർ തുടങ്ങിയവർ സംസാരിച്ചു.

മണ്ഡലം സമ്മേളനം

നെയ്യാറ്റിൻകര : യൂത്ത് കോൺഗ്രസ് കുളത്തൂർ മണ്ഡലം സമ്മേളനം 11, 12 തീയതികളിൽ ആറ്റുപുറത്ത് നടക്കും.11ന് ആവണക്കാവിളയിൽ നിന്നും പൊഴിയൂരിലേക്ക് വിളംബര റാലി നടക്കും. 12 ന് നടക്കുന്ന പ്രതിനിധി സമ്മേളനം ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് നടക്കുന്ന സമാപന യോഗം എം. വിൻസെന്റ് എം.എൽ.എ ഉദ്ഘാടനം ചെയ്യും.

ഐഡന്റിറ്റി കാർഡ് വിതരണം

നെയ്യാറ്റിൻകര: ആൾ ഇന്ത്യാ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കണ്ണറവിള ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം അഡ്വ. എം. വിൻസെന്റ് എം.എൽ.എ വിതരണം ചെയ്തു. നെല്ലിമൂട് ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. അഞ്ചുവന്നി മോഹൻകുമാർ, അവണാകുഴി മോഹൻരാജ് തുടങ്ങിയവർ പങ്കെടുത്തു.

ത്രികാലപൂജ

നെയ്യാറ്റിൻകര: ഉഡുപ്പി മാധ്വ ബ്രാഹ്മണ സഭയുടെ ആഭിമുഖ്യത്തിൽ ടി.ബി.ജംഗ്ഷനിലെ ഹനുമാൻ ക്ഷേത്രത്തിൽ ത്രികാല പൂജ 12-ാം തീയതി നടക്കും. ക്ഷേത്ര കാര്യാലയത്തിൽ നിന്നും അന്ന തന്നെ പ്രദാസം ലഭിക്കുമെന്ന് സഭാ സെക്രട്ടറി വി.നാരായണ റാവു അറിയിച്ചു.

പുലിവാതുക്കൽ ക്ഷേത്രം

നെയ്യാറ്റിൻകര: ഗുരുദേവൻ ആദ്യകാലത്ത് വിശ്രമിച്ചിരുന്ന അരുവിപ്പുറം പുലിവാതുക്കൽ യോഗീശ്വര ദേവ ക്ഷേത്രത്തിൽ കർക്കടകവാവുബലി തർപ്പണത്തിന് സൗകര്യമുണ്ടാകും. 11ന് രാവിലെ 6 മുതൽ ഉച്ചയ്ക്ക് 12 വരെ ബലികർമ്മം നടക്കും. ചടങ്ങുകൾക്കുശേഷം ചിറ്റാറിൽ തർപ്പണത്തിന് സൗകര്യം ഏർപ്പെടുത്തിയതായി ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി കെ.എസ്.മനോജ് അറിയിച്ചു.

കൊല്ലങ്കോട് ശ്രീ ഭദ്രകാളി ക്ഷേത്രത്തിൽ കാളിയൂട്ട്

പാറശാല: കൊല്ലങ്കോട് ശ്രീ ഭദ്രകാളി ക്ഷേത്രത്തിലെ കാളിയൂട്ട്(പറണേറ്റ്) മഹോത്സവം 2019 മാർച്ചിൽ നടത്താൻ ദേവസ്വം തീരുമാനിച്ചു. 24 വർഷത്തിനുശേഷം നടക്കുന്ന കാളിയൂട്ട്മഹോത്സവത്തിന്റെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായുള്ള നാട്ടുകാരുടെ യോഗം നാളെ രാവിലെ 10.30 ന് കൊല്ലങ്കോട് ശ്രീ ഭദ്ര ആഡിറ്റോറിയത്തിൽ പ്രതിനിധിസഭ ചെയർമാൻ ടി.ആർ. മണികണ്ഠൻ നായരുടെ അദ്ധ്യക്ഷതയിൽ നടക്കും. യോഗത്തിൽ ജാതിഭേദമന്യേ എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യം ദേവസ്വം അഭ്യർത്ഥിച്ചു.

ചിറ്റാർ മേള ഡിസംബറിൽ

നെയ്യാറ്റിൻകര : മാരായമുട്ടം സഹകരണ ബാങ്കും ചിറ്റാർ സംരക്ഷണ സമിതിയും സംയുക്തമായി നടത്തുന്ന ചിറ്റാർമേള ഡിസംബറിൽ നടത്താൻ തീരുമാനിച്ചതായി മാരായമുട്ടം സഹകരണ ബാങ്ക് പ്രസിഡന്റ് എം.എസ്. അനിൽ അറിയിച്ചു.

വിഴിഞ്ഞം ഡിപ്പോയിൽ നിന്ന് സ്പെഷ്യൽ ബസ് സർവീസുകൾ

കോവളം: കർക്കടക വാവുബലിയോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി വിഴിഞ്ഞം ഡിപ്പോയിൽ നിന്ന് ബലിതർപ്പണം നടക്കുന്ന തിരുവല്ലം അടക്കമുള്ള വിവിധ കേന്ദ്രങ്ങളിലേക്ക് ഇന്ന് വെളുപ്പിന് 3 മുതൽ സ്പെഷ്യൽ ബസ് സർവീസുകൾ ഉണ്ടായിരിക്കുമെന്ന് യൂണിറ്റ് ഓഫീസർ കെ.ജി. സൈജു അറിയിച്ചു.

ഉഴമലയ്ക്കൽ ലക്ഷ്മീമംഗലം ദേവീക്ഷേത്രം

ഉഴമലയ്ക്കൽ: ഉഴമലയ്ക്കൽ ലക്ഷ്മീമംഗലം ദേവീക്ഷേത്രത്തിലെ ആയില്യപൂജ 11ന് നടക്കും. പതിവ് പൂജകൾക്ക് പുറമേ ആയില്യപൂജ, നൂറും പാലും, നാഗരൂട്ട്, തളിച്ചുകട, എന്നീ പൂജകൾ ഉണ്ടായിരിക്കും.

പദ്ധതികൾ പലത്; മാലിന്യം കുന്നുപോലെ

KAUMUDI ALERT

ബാദുഷ ജമാൽ



പൂവാർ-പൊഴിയൂർ റോഡിന് സമീപം പാലത്തിന്റെ അടിയിൽ കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ

പൂവാർ: മാലിന്യ നിർമാർജനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും പൂവാർ മേഖലയിലെ പ്രദേശങ്ങൾ ഇപ്പോഴും മാലിന്യത്താൽ വീർപ്പുമുട്ടുന്നു. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വിനോദസഞ്ചാര മേഖലയായ പൂവാറിൽ വഴിയോര കച്ചവടക്കാരും ഹോട്ടലുകാരും പുറന്തള്ളുന്ന മാലിന്യങ്ങൾ പൂവാർ പഞ്ചായത്തിലുടനീളം കുന്നുകൂടി ചീഞ്ഞുനാറുന്നു.

പൂവാർ പൊഴിയൂർ റോഡിന് സമീപത്തുള്ള ഓട്ടോ സ്റ്റാൻഡിൽ പ്രതിദിനം അടിഞ്ഞ് കൂടുന്ന കന്നുകാലി വേസ്റ്റ് അടക്കമുള്ള മാലിന്യങ്ങൾ അവിടെ കിടന്ന് ചീഞ്ഞുനാറിയിട്ടും പഞ്ചായത്ത് യാതൊന്നും തന്നെ ചെയ്യുന്നില്ല. കാലവർഷം കനത്തതോടെ തുടർച്ചയായി പെയ്യുന്ന മഴയിൽ മാലിന്യങ്ങൾ എല്ലാം ഒലിച്ചിറങ്ങുന്നത് എ.വി.എം. കനാലിലേക്കാണ്.

ഇവ വെള്ളത്തിനൊപ്പം ഒഴുകി കനാലിൽ കുളിക്കാൻ എത്തുന്നവരുടെ ശരീരത്തിൽ പറ്റിപിടിക്കുകയും തോക്ക് രോഗങ്ങൾ ഉൾപ്പടെ നിരവധി അസുഖങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

മാലിന്യ നിർമാർജനത്തിനായി പൂവാർ പഞ്ചായത്തും ജില്ലാ പഞ്ചായത്തും സർക്കാരും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും മാലിന്യ പ്രശ്നത്തിന് യാതൊരു പരിഹാരവും ഉണ്ടാകുന്നില്ല.

ഗ്രീൻ ക്ലീൻ പദ്ധതികൾ ഉൾപ്പടെ പലതും നടപ്പാക്കിയിട്ടും ദിവസങ്ങൾക്കുശേഷം പഴയപടിയാകും.

ഉത്തരവിന് പുല്ലുവില

സംസ്ഥാനസർക്കാരിന്റെ മാലിന്യ സംസ്കരണ ഉത്തരവ് പാലിക്കാത്ത കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്ത് പിഴ അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കടകളിൽ പരിശോധന നടത്തി നിയമപ്രകാരമുള്ള യാതൊരു നടപടികളും കൈക്കൊള്ളാൻ പഞ്ചായത്ത് അധികൃതർ തയ്യാറാകുന്നില്ല.

ഒപ്പം പ്ലാസ്റ്റിക്കും

ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കരുതെന്ന് കച്ചവട സ്ഥാപനങ്ങൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ടെങ്കിലും പൂവാറിൽ ഇവയൊന്നും പാലിക്കപ്പെടുന്നില്ല. പ്ലാസ്റ്റിക്ക് കൂട്ടിയിട്ട് കത്തിക്കുന്നത് പൂവാർ മേഖലയിൽ കൂടിവരുന്ന സാഹചര്യത്തിലാണ് നിരോധിച്ച കവറുകളുടെ ഉപയോഗവും. ഇവയുണ്ടാക്കുന്ന മാലിന്യ പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ചെറുതല്ല.

മാലിന്യം മാത്രം

നിലവിൽ പൂവാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ വേസ്റ്റ് ബിൻ വച്ചിട്ടുണ്ടെങ്കിലും അതിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ പഞ്ചായത്ത് മുൻകൈയെടുക്കാത്തതിനാൽ മാലിന്യ നിക്ഷേപം പെരുകുന്നതിന് കാരണം. പ്ലാസ്റ്റിക്ക് ബാഗുകളിലും ചാക്കുകളിലും മറ്റുമായി മാലിന്യങ്ങൾ നിറച്ച് പ്രധാന പാതകളിലെല്ലാം അലക്ഷ്യമായി വലിച്ചെറിഞ്ഞിരിക്കുന്ന കാഴ്ചയാണ് പൂവാറിൽ ഉടനീളം. പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജന ജോലികൾ ചെയ്യാൻ ജീവനക്കാർ ഇല്ലാത്തതാണ് മാലിന്യം കുന്നു കൂടാനുള്ള കാരണം. ഇത്തരത്തിൽ കുന്നു കൂടുന്ന മാലിന്യങ്ങളിൽ നിന്നും ഉയരുന്ന രൂക്ഷമായ ദുർഗന്ധം കാരണം ഇതുവഴി പോകാൻ പറ്റാത്ത അവസ്ഥയാണ്.

മഴയിൽ കുതിർന്ന് മാലിന്യം

പൂവാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ വെസ്റ്റ് ബിന്നിൽ കിടക്കുന്ന മാലിന്യങ്ങൾ ശക്തമായ മഴയിൽ ഒലിച്ചിറങ്ങുന്നത് വഴികളിലേക്കാണ്. ഇതിൽ ചവിട്ടിയാണ് വിദ്യാർത്ഥികളും മറ്റുള്ളവരും യാത്ര ചെയ്യേണ്ടി വരുന്നത്. അത് കൂടാതെ ബിന്നിൽ കിടക്കുന്ന മറ്റ് മാലിന്യങ്ങൾ വെള്ളം നനഞ്ഞ് പുഴക്കളരിച്ച് ചീഞ്ഞ് നാറുകയാണ്. പലപ്പോഴും മൂക്ക് പൊത്തിയാണ് നാട്ടുകാർ യാത്ര ചെയ്യുന്നത്.

ഇനി വേണ്ടത്

- മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കണം
- ദിവസേന മാലിന്യം നീക്കം ചെയ്യണം
- പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടി എടുക്കണം
- ഹോട്ടലുകൾ, അറവ് ശാലകൾ പഴം-പച്ചക്കറി കടകൾ എന്നിവയെ നിയന്ത്രിക്കണം
- മാലിന്യം നിക്ഷേപിക്കാനും സംസ്കരിക്കാനും പഞ്ചായത്ത് സ്ഥലം കണ്ടെത്തണം

കോട്ടുക്കൽ വ്യാസാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്

നെയ്യാറ്റിൻകര: കോട്ടുക്കൽ വ്യാസാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് വാർഷികവും സ്വാതന്ത്ര്യദിനാഘോഷവും 11 മുതൽ 15 വരെ നടക്കും.11ന് രാവിലെ 9ന് പതാക ഉയർത്തൽ, 10മണിക്ക് കായിക മത്സരങ്ങൾ. 12ന് രാവിലെ 10ന് കഥ, കവിത, ഉപന്യാസ, ചിത്രരചനാ മത്സരങ്ങൾ. 13-ന് രാവിലെ 10 -മണിക്ക് നിയമബോധവത്കരണ ക്യാമ്പ്, വൈകിട്ട് 6-ന് ലഹരിയുടെകാണാപ്പുറങ്ങൾസോദാഹരണ പ്രഭാഷണം, രാത്രി 8 ന് മാജിക് ഷോ.14ന് വൈകിട്ട് 6ന് ഓർമച്ചിന്തുകൾ, രാത്രി 8ന് ഹാസ്യവിരുന്ന്. 15ന് രാവിലെ 9ന് ദേശീയ പതാക ഉയർത്തൽ, 10ന് കലാമത്സരം, വൈകിട്ട് 4ന് എ.പി.ജെ.അബ്ദുൾകലാം സ്മാരക പ്രശ്നോത്തരി, 6-ന് സാംസ്കാരിക സമ്മേളനം ചലച്ചിത്ര സംവിധായകൻ ശ്രീകുമാരൻതമ്പി ഉദ്ഘാടനം ചെയ്യും.

അഹോരാത്ര രാമായണ പാരായണം

നെയ്യാറ്റിൻകര:തലയ്ക്കോട് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി 14ന് പതിവ് പൂജകൾക്കു പുറമേ രാവിലെ 8 മുതൽ കേരള വേദ താന്ത്രിക ജ്യോതിഷ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അഹോരാത്ര രാമായണ പാരായണം ത്രികാല ലക്ഷ്മീ നാരായണപൂജ എന്നിവയും 1ന് അന്നദാനം, 4ന് നാരങ്ങാവിളക്ക്, 6ന് അലങ്കാര ദീപാരാധന, വെളുപ്പിന് 5ന് ശ്രീരാമ പട്ടാഭിഷേകവും അനുബന്ധ ചടങ്ങുകളും നടക്കും. പഠനകേന്ദ്രം ഡയറക്ടർ മുല്ലൂർ കെ. ശശിധരൻ മുഖ്യകാർമ്മികത്വം വഹിക്കും. ഫോൺ: 9495556638.

നെയ്യാറ്റിൻകര ജില്ലാരൂപീകരണ സമിതി വിളബര സമ്മേളനം ആർ. സുന്ദരേശൻ നായർ ഉദ്ഘാടനം ചെയ്യുന്നു. ബഹുജന സമിതി പ്രസിഡന്റ് എം. നിസ്താർ സമീപം

വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണം പൂർത്തിയാക്കണം

ബാലരാമപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം അവതാളത്തിലാണ്. ഗവൺമെന്റിന്റെ പിടിപ്പുകേട് അവസാനിപ്പിച്ച് തുറമുഖ നിർമ്മാണം പൂർത്തിയാക്കണമെന്നും ജില്ലയിലെ രണ്ട് താലൂക്കുകൾ ദാരിദ്ര്യത്തിൽ ഒന്നാമതാണെന്നും അതിനുള്ള പ്രായോഗിക പരിഹാരമാണ് നെയ്യാറ്റിൻകര ജില്ലാ രൂപീകരണമെന്നും ആർ. സുന്ദരേശൻ നായർ പറഞ്ഞു.

ബാലരാമപുരത്ത് നടന്ന നെയ്യാറ്റിൻകര ജില്ലാ രൂപീകരണ സമിതി വിളംബര പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമിതി ചെയർമാൻ പുതിച്ചൽ രാമചന്ദ്രൻ നായരുടെ അദ്ധ്യക്ഷത വഹിച്ചു.

അഡ്വ. എസ്.ആർ. തങ്കരാജ്, അഡ്വ. ആർ.ടി. പ്രദീപ്, ബഹുജന സമിതി പ്രസിഡന്റ് എം. നിസ്താർ, കോട്ടുകാൽ ശ്യാമപ്രസാദ്, ഡോ. സി.വി. ജയകുമാർ, അഡ്വ. ബി. ജയചന്ദ്രൻ നായർ, ആർ. ജയകുമാർ, ജെ. ഹയറുന്നിസാ ബീവി, ജെ. ക്രിസ്തുദാസ്, പുതിച്ചൽ സുരേന്ദ്രൻ, ആർ.ജി. അരുൺദേവ്, സുരേഷ് കിഴക്കേവീട് എന്നിവർ പങ്കെടുത്തു.

യൂത്ത് കോൺഗ്രസിന്റെ ക്വിറ്റ് ഇന്ത്യാദിനാചരണം

നെയ്യാറ്റിൻകര: യൂത്ത് കോൺഗ്രസ് നെയ്യാറ്റിൻകര മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യാദിനം ആചരിച്ചു. പദയാത്ര നെയ്യാറ്റിൻകര ബസ്സ്റ്റാൻഡ് ജംഗ്ഷനിൽ ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ ഫ്ലാഗ് ഒഫ് ചെയ്തു.

നിയോജക മണ്ഡലം പ്രസിഡന്റ് നീനോ അലക്സിന്റെ നേതൃത്വത്തിൽ നടന്ന പദയാത്ര പോസ്റ്റാഫീസ് ജംഗ്ഷനിൽ സമാപിച്ചു. തുടർന്ന് നടന്ന യോഗം എൻ.എസ്. നിസൂർ ഉദ്ഘാടനം ചെയ്തു. നീനോ അലക്സ് അദ്ധ്യക്ഷത വഹിച്ചു. ആർ.സെൽവരാജ്, യു.ഡി.എഫ് ജില്ലാ ചെയർമാൻ സോളമൻ അലക്സ്, ഡി.സി.സി സെക്രട്ടറിമാരായ മാരായമുട്ടം സുരേഷ്, മൊഹിനുദ്ദീൻ, ജോസ്ഫ്രാങ്ക്ലിൻ, ബ്ലോക്ക് പ്രസിഡന്റ് വെൺപകൽ അവനീന്ദ്രകുമാർ, പത്താംകല്ല് സുഭാഷ്, അമരവിള വിമൽകുമാർ, കൗൺസിലർമാരായ ലളിതടീച്ചർ, ഗ്രാമം പ്രവീൺ, എസ്.പി. സജിൻലാൽ, ചെങ്കൽ റജി, ആറ്റുപുറം ഷാജി, കാരോട് അനു, കാരോട് ജിനു, ഋഷികേശൻ, ആനന്ദ് രാഭായി, പ്രിയകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

യൂത്ത് കോൺഗ്രസ് നടത്തിയ ക്വിറ്റ് ഇന്ത്യാദിനാചരണ പദയാത്ര നെയ്യാറ്റിൻകര സനൽ ഫ്ലാഗ് ഓഫ് ചെയ്യുന്നു. നീനോ അലക്സ്, എൻ.എസ്. നിസൂർ, ആർ.സെൽവരാജ്, സോളമൻ അലക്സ്, മാരായമുട്ടം സുരേഷ്, ലളിതടീച്ചർ, ഗ്രാമം പ്രവീൺ തുടങ്ങിയവർ സമീപം

സർട്ടിഫിക്കറ്റ് വിതരണം

നെയ്യാറ്റിൻകര : ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും പ്ലാമൂട്ടുക്കട തിരുവനന്തപുരം ഡിസ്ട്രിക് എംബ്രോയിഡറി വർക്കേഴ്സ് സൊസൈറ്റിയും സംയുക്തമായി നടപ്പാക്കുന്ന കംപ്യൂട്ടർ പ്രോഗ്രാമിംഗിന്റെ സർട്ടിഫിക്കറ്റ് വിതരണം കുളത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബൻസി ജയചന്ദ്രൻ നിർവഹിച്ചു. പി.എസ്. മേഘവർണൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. ബി. സുകുമാർ, അനിത, ഡി. ശിശുപാലൻ, ആർ. മണി എന്നിവർ സംസാരിച്ചു.

പ്ലാമൂട്ടുക്കട തിരുവനന്തപുരം ഡിസ്ട്രിക് എംബ്രോയിഡറി വർക്കേഴ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന സർട്ടിഫിക്കറ്റ് വിതരണം ബൻസി ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. പി.എസ്. മേഘവർണൻ, ഡോ.ബി.സുകുമാർ, അനിത തുടങ്ങിയവർ സമീപം

ബ്ലോക്ക് നഴ്സറി പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഉദ്ഘാടനം

ബാലരാമപുരം: ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതി പ്രകാരം സ്ഥാപിച്ച ബ്ലോക്ക് നഴ്സറിയുടേയും കൃഷിഭവനിൽ സ്ഥാപിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, കാർഷിക ലൈബ്രറി പരിശീലന ഹാൾ എന്നിവയുടെ ഉദ്ഘാടനം മന്ത്രി വി.എസ്. സുനിൽ കുമാർ നിർവഹിച്ചു. അഡ്വ. എം. വിൻസെന്റ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ശശികുമാർ.എസ്. റിപ്പോർട്ട് അവതരിപ്പിച്ചു. നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശകുന്തളകുമാരി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാമിലാബീവി, ബ്ലോക്ക് മെമ്പർമാരായ ഡി.സുരേഷ് കുമാർ, എസ്.ജയചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വിളപ്പിൽ രാധാകൃഷ്ണൻ, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളായ ആർ. കെ.ബിന്ദു, കെ.ഹരിഹരൻ, എൽ. ശോഭന, മെമ്പർ എസ്.രാജേഷ്, സി.പി.എം നേമം ഏര്യാ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, എം.എച്ച്. സലീം, അഡ്വ. എ. പ്രതാപചന്ദ്രൻ, അയൂബ് ഖാൻ, ക്രിസ്തുദാസ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്.വസന്തകുമാരി സ്വാഗതവും അസിസ്റ്റന്റ് കൃഷി ഓഫീസർ അജയകുമാർ.എസ് നന്ദിയും പറഞ്ഞു.

സദ്ഗമയ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ക്വിറ്റ് ഇൻഡ്യ ദിനാചരണവും പ്രമുഖ സ്വാന്ത്ര്യ സമര സേനാനി ബാലരാമപുരം ജി. രാമൻപിള്ള അനുസ്മരണവും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം അഡ്വ.കെ.മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു.

ക്വിറ്റ് ഇന്ത്യാ ദിനാചരണവും ബാലരാമപുരം ജി.രാമൻപിള്ള അനുസ്മരണവും

ബാലരാമപുരം: സദ്ഗമയ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ക്വിറ്റ് ഇൻഡ്യ ദിനാചരണവും പ്രമുഖ സ്വാന്ത്ര്യ സമര സേനാനി ബാലരാമപുരം ജി.രാമൻപിള്ള അനുസ്മരണവും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം അഡ്വ. കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. സദ്ഗമയ പ്രസിഡന്റ് അഡ്വ. സി.ആർ. പ്രാണകുമാർ അദ്ധ്യക്ഷത വഹിച്ചു. ബാലരാമപുരം ജി.രാമൻപിള്ള വിദ്യാനിധി അവാർഡ് ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ വിതരണം ചെയ്തു. അഡ്വ. എം. വിൻസെന്റ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. ബാലരാമപുരം ജി.രാമൻപിള്ളയുടെ പ്രതിമ ബാലരാമപുരത്ത് സ്ഥാപിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ബാലരാമപുരം ജി. രാമൻപിള്ളയുടെ നവശക്തിയുടെ ശക്തി എന്ന പുസ്തകം മകൾ കമലാദേവിക്ക് നൽകി അഡ്വ. കെ. മോഹൻകുമാർ പ്രകാശനം ചെയ്തു, ഗുജറാത്ത് മുൻ ഡി.ജി.പി ആർ.ബി ശ്രീകുമാർ മുഖ്യാതിഥി ആയിരുന്നു.

ചരിത്ര പണ്ഡിതൻ ടി.പി. ചന്ദ്രശേഖരൻ നായർ, നേതാക്കളായ അയിര ശശി, അഡ്വ. ജി. സുബോധൻ, കക്കാട് രാമചന്ദ്രൻ നായർ, സി.കെ. വത്സലകുമാർ, മലയിൻകീഴ് വേണുഗോപാൽ, എം.മഹേന്ദ്രൻ, സുൽഫി ബാലരാമപുരം, അഡ്വ. വി.പി വിഷ്ണു, അജിൻദേവ്, ആർ.രാജീവ്കുമാർ, അനുഷ്യ, ഡി.ബിനു, സമ്പത്ത്, രാഹുൽ, അരുൺ, അക്ബർ, അഹമ്മദ് എന്നിവയർ സംസാരിച്ചു.

സൗജന്യ ഇലട്രിക്കൽ വയറിംഗ് കോഴ്സ്

കാട്ടാക്കട: നെയ്യാറ്റിൻകര പോളിടെക്നിക്ക്, പൂഴനാട് നീരാഴികോണം ഭാവന ഗ്രന്ഥശാല ആൻഡ് കലാസാംസ്കാരിക കേന്ദ്രത്തിലെ സബ് സെന്ററിൽ ആരംഭിക്കുന്ന സൗജന്യ ഇലട്രിക്കൽ വയറിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്ത് മാസം കാലാവധിയുള്ള കോഴ്സ് പാസാകുന്നവർക്ക് പോളിടെക്നിക്ക് സർട്ടിഫിക്കറ്റും വയറിംഗ് ലൈസൻസും ലഭിക്കും. രാത്രികാലങ്ങളിലാണ് ക്ലാസ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷഫാറത്തിനും സെക്രട്ടറി ഭാവന ഗ്രന്ഥശാല ആൻഡ് കലാസാംസ്കാരിക കേന്ദ്രം പൂഴനാട് പി.ഒ എന്ന വിലാസത്തിലോ. 949702228 ,9847734561,0471 2271133 എന്ന നമ്പറുകളിലോ ബന്ധപെടുക.

പാറശാല എൻ.എസ്.എസ് കരയോഗ വാർഷികം ഉദ്ഘാടനം

പാറശാല എൻ.എസ്.എസ്.കരയോഗത്തിന്റെയും വനിതാ സമാജത്തിന്റെയും വനിതാ സംഘങ്ങളുടെയും വാർഷികാഘോഷവും പ്രതിഭാ സംഗമവും നെയ്യാറ്റിൻകര താലൂക്ക് യൂണിയൻ പ്രസിഡന്റ് കോട്ടുകാൽ കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു.

പാറശാല: പാറശാല എൻ.എസ്.എസ്. കരയോഗത്തിന്റെയും, വനിതാ സമാജത്തിന്റെയും വനിതാ സംഘങ്ങളുടെയും വാർഷികാഘോഷവും പ്രതിഭാ സംഗമവും നെയ്യാറ്റിൻകര താലൂക്ക് യൂണിയൻ പ്രസിഡന്റ് കോട്ടുകാൽ കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. പാറശാല ജയമഹേശ് കല്യാണ മണ്ഡപത്തിൽ നടന്ന ചടങ്ങിൽ കരയോഗം പ്രസിഡന്റ് പി. വേലപ്പൻ നായർ ആദ്ധ്യക്ഷത വഹിച്ചു.

താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് പി.എസ്. നാരായണൻ നായർ മുഖ്യപ്രഭാഷണം നടത്തി. താലൂക്ക് യൂണിയൻ സെക്രട്ടറി കെ. രാമചന്ദ്രൻ നായർ, താലൂക്ക് വനിതാ യൂണിയൻ പ്രസിഡന്റ് പ്രേമ ആദ്ധ്യാത്മിക ആചാര്യൻ രാജേന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.

എസ്.എസ്.എൽ.സി, പ്ലസ്ടൂ പരീക്ഷകളിൽ ഉന്നതവിജയം നേടിയ കരയോഗത്തിലെ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

കരയോഗം സെക്രട്ടറി കെ. സുരേഷ്കുമാർ സ്വാഗതവും ഖജാൻജി കെ. രവീന്ദ്രൻ നായർ കൃതജ്ഞതയും പറഞ്ഞു.